മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ശ്രീ. ടി. എൻ. പ്രതാപനും ശ്രീ. എ. പി. അനിൽകുമാറുമെല്ലാം നിരന്തരമായി എന്നെ ഇതിനുവേണ്ടി ഉപദ്രവിച്ചുക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് അതിൽ അന്തിമമായ തീരുമാനം എടുത്തിട്ടുണ്ട്. കോടതി ഉത്തരവിന്റേയും കേന്ദ്ര സർക്കാരിന്റെ വിശദീകരണത്തിന്റേയും അടിസ്ഥാനത്തിൽ വേട്ടുവർക്ക് സംസ്ഥാനത്തു മുഴുവൻ പട്ടികജാതി പദവി കൊടുക്കുന്ന നിലപാട് ഇന്നലെ ചേർന്ന മന്ത്രിസഭായോഗം അംഗീകരിച്ചിരിക്കുന്നു. പുലയവേട്ടുവർക്ക് സംസ്ഥാനത്തുടനീളം പട്ടികജാതി പദവി അനുവദിച്ചുകിട്ടാനുള്ള ശുപാർശയിൻമേൽ തുടർ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു. പഴയ കൊച്ചി സംസ്ഥാനത്തിനു പുറത്തുള്ള വേട്ടുവരെ ഒ. ഇ. സി. ലിസ്റ്റിൽപ്പെടുത്തിയ ഉത്തരവ് ഉടൻ പിൻവലിക്കുന്നതാണ്. അവർക്ക് സംസ്ഥാനമൊട്ടാകെ പട്ടികജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് ഉടൻ നൽകും. ഇതിന്റെ വെളിച്ചത്തിൽ പ്രൊഫഷണൽ കോളേജുകളുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന് വേട്ടുവർ അനുഭവിക്കുന്ന ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാകുന്നതാണ്.

(23) ദേവികുളം നിയോജകമണ്ഡലത്തിൽ വിതരണം ചെയ്ത വ്യാജ പട്ടയങ്ങൾ

ശ്രീ. എ. കെ. മണി: സർ, എന്റെ മണ്ഡലത്തിലെ കുട്ടമ്പുഴ, മറയൂർ, കാന്തല്ലൂർ, പള്ളിവാസൽ, മാങ്കുളം, വെള്ളത്തൂവൽ, വട്ടവട, അടിമാലി, മൂന്നാർ എന്നീ വില്ലേജുകളിൽ വ്യാജ പട്ടയം കുടുതലായിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ മുഴുവൻ വ്യാജ പട്ടയങ്ങളായിരുന്നു. വ്യാജ പട്ടയത്തിന്റെ പേരും പറഞ്ഞ് പത്തും മുപ്പതും വർഷങ്ങൾക്ക് മുമ്പ് കുടിയേറിപ്പാർത്ത ജനങ്ങൾക്കും പൊതുവേയുള്ള ചെറുകിട കർഷകർക്കും പട്ടയം നൽകുന്ന കാര്യത്തിൽ ഗവൺമെന്റ് വളരെ അനാസ്ഥ കാണിക്കുകയാണ്. വ്യാജ പട്ടയങ്ങൾ റദ്ദുചെയ്യുകയും ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുകയും യഥാർത്ഥത്തിൽ കിട്ടേണ്ട, അർഹതപ്പെട്ട ആളുകൾക്ക് പട്ടയം കൊടുക്കാനുള്ള നടപടി എത്രയും വേഗം ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്യണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1992-നുമുമ്പ് 616 വ്യാജ പട്ടയങ്ങൾ നൽകുകയുണ്ടായി. അതിൽ 210 എണ്ണം റദ്ദുചെയ്തു. 326 എണ്ണം പരിശോധിച്ചുക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനു പിന്നിൽ ഒരു സത്യമുണ്ട്. ആ പ്രദേശത്ത് പട്ടയം കൊടുക്കണ്ടായെന്നു പറഞ്ഞ് ഔപചാരികമായ ഉത്തരവുകളൊന്നും കൊടുത്തിട്ടില്ല. പക്ഷേ ഇങ്ങനെ കുറെ പരാതികളൊക്കെ വന്നതുകൊണ്ട് അവിടെയിപ്പോൾ പട്ടയം കൊടുക്കുന്നില്ല എന്നുള്ളതാണ് സത്യം. ജനങ്ങൾക്ക് hardship ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ തീർച്ചയായും അർഹമായ കേസുകളിൽ പട്ടയം കൊടുക്കുന്ന നടപടി തുടരുവാൻ വേണ്ട നിർദ്ദേശം നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly